# ബജറ്റ് 2025–26 സംഗ്രഹം

കീഴ്മാട് ഗ്രാമ പഞ്ചായത്തിൽ 2026–27 ഈ ഭരണ സമിതിയുടെ ആദ്യത്തെ ബജറ്റ് വർഷത്തിൽ പ്രതീക്ഷിക്കുന്ന വരുമാനവും ചെലവുകളും ഉൾപ്പെടുത്തി ഈ ഭരണസമിതിയുടെ അഞ്ചാമത്തെ ബജറ്റ് ആണ് അവതരിപ്പിക്കുന്നത്. ബജറ്റിൽ 55,71,26,035/– രൂപ പ്രതീക്ഷിത വരുമാനവും 55,03,34,500/– രൂപ പ്രതീക്ഷിത ചെലവും 67,91,535/–രൂപ നീക്കി ബാക്കിയുള്ള ബജറ്റാണ് തയ്യാറാക്കിയിരിക്കുന്നത്.

വസ്തു,തൊഴിൽനികുതി ഇനത്തിൽ യഥാക്രമം 3,00,00,000/–രൂപയും 70,00,000/– രൂപയും ഉൾപ്പെടെ ആകെ 37,00,00,00/– രൂപയുടേയും, കെട്ടിട വാടക, ലേലങ്ങൾ,ലൈസൻസ് ഫീസ് തുടങ്ങി നികുതിയേതര വരുമാനത്തിൽ 1,55,16,000/– രൂപയുടേയും വരവ് പ്രതീക്ഷിക്കുന്നു. സംസ്ഥാന സർക്കാർ അനുവദിക്കുന്ന ജനറൽ പർപ്പസ്ഫണ്ട് 27546000/– രൂപ ഉൾപ്പെടെ ആകെ 5,25,71,000/– രൂപയുടെ വരവ് പ്രതീക്ഷിക്കുന്നു. വികസന ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് ഇനങ്ങളിലായി ആകെ 26,19,40,800/– രൂപ പ്രതീക്ഷിക്കുന്നു. ശുചിത്വ മിഷൻ, അങ്കണവാടി അനുപൂരക പോഷകാഹാര പദ്ധതി, സ്വച്ഛഭാരത് മിഷൻ, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, ബ്ലോക്ക് ജില്ലാ പഞ്ചായത്ത് വിഹിതമായി എന്നീ ഇനങ്ങളിലായി ആകെ 15,00,00,000/– രൂപ വരവുമാണ് പ്രതീക്ഷിച്ചിട്ടുള്ളത്.

കൃഷിയെ പ്രോൽസാഹിപ്പിക്കുന്നതിനായി നെൽകൃഷി മേഖലയിൽ 1500000 /– രൂപയും പച്ചക്കറിക്ക് 1500000 /– രൂപയും, മറ്റ് അനുബന്ധ

കൃഷികൾക്കായി 2500000/- രൂപയും ജലസേചന സൌകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് 3000000/- രൂപയും പശു വളർത്തലിനായി 4000000 /- രൂപയും മുട്ടക്കോഴി വളർത്തുന്നതിനായി 300000/- രൂപയും, ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

ലൈഫ് ഭവന നിർമ്മാണത്തിനായി 40000000/- രൂപയും പട്ടികജാതി വികസനത്തിനായി 9000000/- രൂപയും ശാരീരിക മാനസീക വെല്ലുവിളി നേരിടുന്നവർക്കായി 6000000/- വനിതാ ക്ഷേമത്തിനായി 1500000 /- രൂപയും വൃദ്ധ ക്ഷേമത്തിനായി 1500000 /- രൂപയും ദാരിദ്ര്യ ലഘൂകരണത്തിനായി 150000000 /- രൂപയും ഈ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ശുചിത്വവുമായി ബന്ധപ്പെട്ട് വിവിധ മേഖലയ്ക്ക് 16000000 /- രൂപയും ആരോഗ്യ മേഖലയ്ക്ക് 13500000 /- രൂപ ഈ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ക്ഷേമ പെന്ഷനുകൾ - സംസ്ഥാന ആവിഷ്കൃത വിഹിതമായി 150000000 /- രൂപയും അങ്കണവാടി പോഷകാഹാര മേഖലയ്ക്ക് 8000000/- രൂപയും ഈ ബജറ്റിൽ വകയിരുത്തിയിരിക്കുന്നു.

റോഡ് മെയിന്റനൻസിനായി 30000000/- രൂപയും പുതിയ റോഡിനായി 10000000/- രൂപയും ഭൂമി വാങ്ങുന്നതിന് 5000000/- രൂപയും ഈ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

അതിവേഗം നഗരവൽക്കരിക്കപ്പെടുന്ന കീഴ്മാടിന്റെ വികസന ചക്രവാളത്തിൽ ഒരു നാഴികക്കല്ലായി ഈ ബജറ്റ് രൂപാന്തരം പ്രാപിക്കുമെന്ന വികസന പ്രതീക്ഷകളോടെ ബജറ്റ്സംഗ്രഹ വിവരങ്ങൾ അവതരിപ്പിച്ചുകൊള്ളുന്നു.